കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കരീപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**കൊല്ലം ജില്ലാ കാര്യാലയം**

**e-mail:**doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.കെ.എൽ.എം.പി6/456/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം ജില്ല

തീയതി – 18/05/2020

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരീപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരീപ്ര ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം.പി6/456/2020 തിയതി : 18/05/2020

## കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.10.2018 മുതൽ 22.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്എന്നിവയും, 20.10.2018 മുതൽ 07.12.2019 തിയ്യതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. സൈമൺ. കെ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| | | | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24.02.2020 മുതൽ 04.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ജി. സിന്ധു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി. മഞ്ജുള സാഗർ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. അമ്പിളി. ജി | സീനിയർഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. വിഷ്ണുപ്രിയ. കെ | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജെ. അശോകൻ | 01.04.2018 മുതൽ<br>31.07.2018വരെ |
| | | |

| | | |
|---|---|---|
| | ശ്രീ. അബ്ദുറഹ്മാൻ | 01.08.2018 മുതൽ<br>31.03.2019വരെ |
| സെക്രട്ടറി | ശ്രീ. അനസ്. വൈ | 01.04.2018മുതൽ<br>31.03.2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. രാജൻബാബു .ബി | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ശിവപ്രസാദ്. എസ്സ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശശികല | 01.04.2018 മുതൽ<br>31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ. ജ്യോതിലാൽ | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. രഞ്ജു. ടി. യോഹന്നാൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഷമീദാബീഗം. എം | 01.04.2018 മുതൽ<br>30.09.2019 വരെ |
| | ശ്രീമതി. പ്രഭ | 01.10.2018 മുതൽ<br>31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പ്രകാശ്. വി. എൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ജലജ .ആർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. അനശ്രീ. എസ്സ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബിന്ദു. ജി | 01.04.2018 മുതൽ<br>09.05.2018വരെ |
| | ശ്രീമതി. സൗമ്യ | 10.05.2018 മുതൽ<br>31.03.2019വരെ |
| | ശ്രീമതി. ഷീന ഫിലിപ്പ് | 07.08.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | **ബജറ്റ്** | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | **പദ്ധതി അവലോകനം** | 1-5 |
| 6 | **തൊഴിലുറപ്പ് പദ്ധതി** | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി-അപാകതകൾ | 1-12 |
| 13 | ലേലം - അപാകതകൾ | 1-13 |
| 14 | ക്ഷീരകർകർക്ക് പാലിന് സബ്സിഡി അപാകതകൾ | 1-14 |
| 15 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ | 1-15 |
| 16 | ലൈഫ് ഭവന പദ്ധതി -ജനറൽ -തുക അധികം നൽകിയത് സംബന്ധിച്ച് | 1-16 |
| 17 | തുല്യതാ പഠനം-അപാകതകൾ | 1-17 |
| 18 | ആശ്രയ ഫണ്ടിൽ തുക ബാക്കി നിൽക്കുന്നു | 1-18 |
| 19 | സർക്കാർ ഉത്തരവ് ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചു. | 1-19 |
| 20 | പഞ്ചായത്ത് സാംസ്കാരിക നിലയങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ | 1-20 |
| 21 | സാന്ത്വന പരിചരണ പദ്ധതി രേഖകളിലെ അപാകതകൾ | 1-21 |
| 22 | സാന്ത്വന പരിചരണ പദ്ധതിക്കായി രസീത് മുഖാന്തരം പിരിച്ചെടുക്കുന്ന തുകകൾ യഥാസമയം ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കുന്നില്ല | 1-22 |
| 23 | സമഗ്ര നെൽകൃഷി വികസനം പദ്ധതി- ഫണ്ട് വിനിയോഗത്തിലെ അപാകതകൾ | 1-23 |
| 24 | മാലിന്യസംസ്കരണം- കളക്ഷൻ സെന്ററിൽ പ്ലാസ്റ്റിക് മാലിന്യം കെട്ടിക്കിടക്കുന്നു. | 1-24 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ - ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ | 1-26 |
| 27 | വാസുപിള്ളമുക്ക്-പ്ലാവിള റോഡ് കോൺക്രീറ്റിംഗ്, 164/19, ടെണ്ടർകിഴിവ് വരുത്തിയത് തെറ്റായിനഷ്ടം-627/-രൂപ | 1-27 |

| | | |
|---|---|---|
| 28 | ടാറിംഗ് പ്രവൃത്തികൾ -കാലിബാരൽ വില ഈടാക്കിയിട്ടില്ല | 1-28 |
| 29 | തൊഴിലുറപ്പ് പദ്ധതി- വ്യക്തിഗത ഭൂമിയിലെ കുളം നിർമ്മാണം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല | 1-29 |
| 30 | വിതരണം ചെയ്ത അരി സ്റ്റോക്കിൽ എടുത്തിട്ടില്ല. | 1-30 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 31 | തൊഴിൽ നികുതി- നഷ്ടം14000/- | 2-1 |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 32 | വാസുപിള്ളമുക്ക്-പ്ലാവിള റോഡ് കോൺക്രീറ്റിംഗ്,164/19,ടെണ്ടർകിഴിവ് വരുത്തിയത് തെറ്റായിനഷ്ടം-627/-രൂപ | 3-1 |
| 33 | ടാറിംഗ് പ്രവൃത്തികൾ -കാലിബാരൽ വില ഈടാക്കിയിട്ടില്ല | 3-2 |
| 34 | ലൈഫ് ഭവന പദ്ധതി – ജനറൽ – തുക അധികം നൽകിയത് | 3-3 |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സ്ഥിര നിക്ഷേപം. | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 43 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | അനുബന്ധം – I | |
| 47 | അനുബന്ധം – II | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28/03/2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജററ് 23/2/2019 തീയതിയിലെ 30-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 02.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 73,16,406.62 |
| വരവ് | 10,13,39,230 |
| ആകെ | 10,86,55,636.62 |
| ചെലവ് | 9,55,68,689 |
| നീക്കിയിരിപ്പ് | 1,30,86,947.62 |

## 1-4 .ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 19240000 | 19240000 | 18438279 | 801721 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 8859000 | 8859000 | 8049004 | 809996 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് (ACR പ്രകാരം) | 0 | 13835000 | 13835000 | 13439034 | 395966 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3950000 | 3950000 | 3949673 | 327 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11010793 | 11010793 | 8712014 | 2298779 |
| വിമുക്തി | 37500 | 25000 | 62500 | 46366 | 16134 |
| ടി.എസ്സ്.സി .പെർഫോമൻസ് ഇൻസെന്റീവ് | 0 | 1453639 | 1453639 | 0 | 1453639 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ | | 517111 | 180000 | 697111 | 180000 | 517111 |
| ഐ.സി.ഡി.എസ്സ് | | 710598 | 841756 | 1552354 | 582462 | 969892 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 32929809 | 32929809 | 32929809 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 10078.5 | 632123 | 642201.5 | 640463 | 1738.5 |
| | 100ദിന ഇൻസെന്റീവ് | 0 | 77000 | 77000 | 77000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3473905 | 3473905 | 3473905 | 0 |
| | ജില്ലാ പഞ്ചായത്ത് | (-)169684 | 1818267 | 1648583 | 1648583 | 0 |
| ബി ഫണ്ട്(തൊഴിൽരഹിത വേതനം) | | 0 | 260040 | 260040 | 260040 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 12079061 | 12079061 | 12079061 | 0 |
| തനത് ഫണ്ട് | ബാങ്ക്അക്കൗണ്ട് | 4974713.12 | 22269633 | 27244345.12 | 23944302 | 3300043.12 |
| | ട്രഷറി അക്കൗണ്ട് | 1236091 | 3166323 | 4402414 | 1926076 | 6328490 |
| വെറ്റിനറി ആശുപത്രി | | 0 | 499900 | 499900 | 0 | 499900 |
| ഗുണഭോക്തൃ വിഹിതം | | 0 | 1974579 | 1974579 | 1974579 | 0 |

## 1-5 പദ്ധതി അവലോകനം

ആഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിൻറ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രാജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 109251552 | 163 | 73784219 | | 48 | 77 |

ഗ്രാമപഞ്ചായത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 20 | 6828419 | 4030642 | 59 |
| അസി. സെക്രട്ടറി | 7 | 3 | 2267600 | 975348 | 43 |
| അസി. എഞ്ചിനീയർ | 125 | 95 | 32599043 | 23296491 | 71 |
| കൃഷി ഓഫീസർ | 8 | 7 | 5367090 | 4105934 | 76 |
| വെറ്റിനറി സർജൻ | 11 | 11 | 8188400 | 5013407 | 61 |
| മെഡിക്കൽ ഓഫീസർ | 1 | 1 | 800000 | 738689 | 92 |

| | | | | | |
|---|---|---|---|---|---|
| (സി.എച്ച്.സി) | | | | | |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 733000 | 727296 | 99 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 150000 | 150000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 6 | 6200810 | 5036760 | 81 |
| വി.ഇ.ഒ | 11 | 10 | 41334890 | 25488371 | 62 |
| എച്ച്.എം | 8 | 7 | 3432300 | 2871281 | 84 |

കാർഷിക മേഖലകളുടെ പുനരുജ്ജീവനത്തിനും ഉല്പാദനവർദ്ധനവിനും ഉതകുന്ന തരത്തിലുള്ള ആശയങ്ങൾക്ക് രൂപം കൊടുത്തുകൊണ്ട് ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയെങ്കിലും തുക മുഴുവൻ ചെലവഴിച്ച് പദ്ധതി പൂർണ്ണമായും ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ ജനറൽ വിഭാഗത്തിലും പ്രത്യേക ഘടക പദ്ധതിയിൻകീഴിലും ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും ലക്ഷ്യം കൈവരിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതം ഒടുക്കുന്നതിന് ഗുണഭോക്താക്കൾ സന്നദ്ധരാകാത്തതാണ് പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ തടസ്സമാകുന്നത് എന്ന് ബന്ധപ്പെട്ടവർ വിശദീകരിച്ചിട്ടുണ്ട്. സേവനമേഖലയിൽ അസി. സെക്രട്ടറിയുടെ പ്രോജക്ട് നിർവ്വഹണം കേവലം 43 ശതമാനം മാത്രമാണ്. വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർക്ക് ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടില്ല. പശ്ചാത്തലമേഖലയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ മേഖലയിലെ പ്രശ്നങ്ങളും പ്രശ്നസാദ്ധ്യതകളും മുന്നിൽ കണ്ട് പ്രോജക്ട് രൂപീകരണം സാദ്ധ്യമാക്കേണ്ടതും ഏറ്റെടുക്കുന്ന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ ഇടപെടലുകൾ ഉണ്ടാകേണ്ടതുമാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10078.5 | 632123 | 642201.5 | 640463 | 1738.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32929809 | 32929809 | 32929809 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| താഴിൽരഹിത വേതനം | 260040 | 218 |
| കർഷകതൊഴിലാളി പെൻഷൻ | 2436800 | 222 |
| വിധവാപെൻഷൻ | 15286300 | 2095 |
| വാർദ്ധക്യകാല പെൻഷൻ | 22554300 | 2095 |
| വികലാംഗ പെൻഷൻ | 5334000 | 428 |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 277200 | 29 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 48586/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/ പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നു. തെരുവുവിളക്കുകളുടെഎണ്ണം, തരം ഇവ കൃത്യമാക്കി രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തെരുവുവിളക്ക് പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയ്ക്ക് ആധികാരികത ഇല്ല. തെരുവു വിളക്കുകളുടേയും കുടിവെള്ള ടാപ്പുകളുടേയും കൃത്യമായകണക്കുകൾ കണ്ടെത്തി പഞ്ചായത്തിന്റെ അധികബാദ്ധ്യത കുറയ്ക്കാൻ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമല്ല. സി.എച്ച്.സിയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി സ്വീകരിക്കുന്ന സംഭാവനകൾ അക്കൗണ്ട് ചെയ്യുന്നതിലും ധനമിടപാടുകളുടെ സുതാര്യത ഉറപ്പാക്കുന്നതിലും വീഴ്ച സംഭവിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.01.2020-13.01.2020 | 11/19,12/19 | 13.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.01.2018 | 2012-13 – 2016-17 | 21-4-18 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് പരിഹരിക്കുവാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടനികുതിയിനത്തിലെ വാർഷിക കണക്കിലെ തുകകൾ (റസിഡൻഷ്യൽ , നോൺ റസിഡൻഷ്യൽ) സഞ്ചയ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.
2. 29.10.18 ലെ 17183 -ാം നം ചെക്ക് 16520/- രൂപ (ഡിസ്ട്രിക്ട് കോ- ഓപ്പറേറ്റീവ് ബാങ്ക്) സ്റ്റെയിൽ ചെക്കിൽ (ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ) ഉൾപ്പെട്ടിട്ടില്ല.

## 1-12 തൊഴിൽ നികുതി-അപാകതകൾ

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം | നഷ്ടത്തുക |
|---|---|---|

| | | |
|---|---|---|
| സഫീൽ ഇൻഡസ്ട്രീസ്, പ്രൈ. ലിമിറ്റഡ് | 1,2 | 2500/- |
| BSNL, കരീപ്ര | 1,2 | 2500/- |
| KSBC ഔട്ട്ലെറ്റ്, നെടുമൺകാവ് | 1,2 | 2500/- |
| മുത്തൂറ്റ് ഫിൻകോർപ്പ്, കരീപ്ര | 1,2 | 2500/- |
| മാവേലി സ്റ്റോർ, ഇടയ്ക്കിടം | 1,2 | 2500/- |
| | ആകെ | 12500 |

2. ജീവനക്കാരിൽ നിന്ന് കുറഞ്ഞനിരക്കിൽ നികുതി ഈടാക്കിയതുമൂലം നഷ്ടം - കരീപ്രയിലെ വനിതാ കോഓപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയതിൽ കുറവ് വന്ന

| ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| ഗീതാകുമാരി, സെക്രട്ടറി | 274878 | 1250 | 1000 | 250 |
| സ്മിത, അക്കൌണ്ടന്റ് | 160386 | 1250 | 1000 | 250 |
| പ്രീതാകുമാരി, സീനി. ക്ലർക്ക് | 168912 | 1250 | 1000 | 250 |
| ശരണ്യ. ജി. ഗോപൻ, ജൂനിയർ ക്ലർക്ക് | 130794 | 1250 | 750 | 500 |
| ലിജി. എസ്, അറ്റൻഡർ | 112356 | 1000 | 750 | 250 |
| | | | ആകെ | 1500/- |

c. തൊഴിൽ നികുതി രജിസ്റ്ററിൽ കെ.എസ്.ഇ. ബി, പെരുമ്പുഴ ശാഖയെ ഉൾപ്പെടുത്തിക്കാണുന്നു. എന്നാൽ മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 12/3.3.2020)

## 1-13 ലേലം - അപാകതകൾ

1. <u>ഗേറ്റ് ഫീസ് പിരിവ് – ജി.എസ്സ്.ടി ഈടാക്കിയിട്ടില്ല.</u>

2018-19 വർഷത്തേക്ക് നടന്ന ഇടയ്ക്കിടം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം 186600/- രൂപയ്ക്കാണ് ശ്രീ. പ്രസാദ് മുകളുവിളവീട്, കൈതാകോടി, വെള്ളിമൺ.പി.ഒ എന്ന വ്യക്തിയ്ക്ക് 20.03.2018 ലെ 8ാം നമ്പർ തീരുമാനപ്രകാരം സ്ഥിരപ്പെടുത്തി നൽകിയത്. ലേലത്തുക 20.03.2018 ൽ നം. 117090107715 രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ 18% ജി.എസ്സ്.ടി തുക ഈടാക്കിയിട്ടില്ല. 18% ജി.എസ്സ്.ടി തുകയായ 33588/- രൂപ ഈടാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

2. <u>മരം ലേലം -രേഖകൾ ഹാജരാക്കിയില്ല.</u>

നെടുമൺകാവ് ഗവ യു.പി.സ്കൂളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മഹാഗണി മുറിച്ച് മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ സ്ഥാപന മേധാവി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക തലത്തിലുള്ള ട്രീ കമ്മിറ്റി വിളിച്ചുചേർത്ത് മരം മുറിച്ച് മാറ്റുന്നതിന് 9.7.18 ൽ 9/(1)-ാം നമ്പരായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ടി മരം മുറിച്ച് മാറ്റിയതിന്റേയോ ലേലം ചെയ്തതിന്റേയോ വിവരങ്ങൾ ലഭ്യമാക്കിയില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം - 12/3-3-2020

# 1-14 ക്ഷീരകർകർക്ക് പാലിന് സബ്സിഡി അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് നമ്പർ - 59/19

പ്രോജക്ട് – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ – 15,00,000/-

7,00,000/- (വികസന ഫണ്ട് ജനറൽ)

6,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

2,00,000/-(ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് KPR/18-19/CB1/15-12-18-6,00,000/-

CB2/11-1-19-1,00,000/-

cheque number 1862066/25-3-2019 – 8,00,000/-

പാലിന് സബ്സിഡിയായി ഗുണഭോക്താക്കളുടെ പാലളവിന് ആനുപാതികമായി തുക നൽകുന്ന പ്രൊജക്ടിൽ ക്ഷീരസംഘത്തിൽ നിന്നുള്ള ഗുണഭോക്താക്കളുടെ പാലളവിന്റെ വ്യക്തമായ കണക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ നൽകിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1. വാക്കനാട് ക്ഷീരസഹകരണസംഘത്തിലെ രമണീഭായിക്കുള്ള 9021/- രൂപ ശ്രീ. രവീന്ദ്രന്റെ 45122200048059 നമ്പറിലുള്ള അക്കൗണ്ടിലാണ് നൽകിയിരിക്കുന്നത്. ആയത് തിരികെ നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
2. യോഹന്നാൻതരകൻ എന്നയാൾക്കുള്ള1269 രൂപാ SBIയിലുള്ള 67015005518 നമ്പർ അക്കൗണ്ടിലേക്ക് ആണ് നൽകിയിരിക്കുന്നത്. എന്നാൽ ഫെഡറൽ ബാങ്കിന്റെ 12430100202436 നമ്പർ അക്കൗണ്ടാണ് സഹകരണസംഘത്തിൽ നിന്ന് നൽകിയിരിക്കുന്നത്. ആയത് വ്യക്തമാക്കേണ്ടതാണ്. മേൽ പറഞ്ഞ രണ്ട് ഉദാഹരണങ്ങളിലും യഥാർത്ഥ ഗുണഭോക്താവിന് തുക ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 15,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 14/3-2-2020

# 1-15 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ

1) എസ്.0046/19- എ. ബി.സി പദ്ധതി- ( i) വേ ബില്ലും സർജറി റിപ്പോർട്ടും തമ്മിൽ വ്യത്യാസം.

അടങ്കൽ തുക - 1,00,000/- രൂപ (വികസന ഫണ്ട് )

ചെലവ് - 1,00,000/- രൂപ (ബിൽ നം.1/18-19, 24.7.2018)

2018-19 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ 167 എണ്ണം തെരുവ് നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. പരിശോധനക്കായി ഹാജരാക്കിയ സർജറി റിപ്പോർട്ടിൽ 5/7/2018, 18/7/2018 , 24/7/2018 എന്നീ ദിവസങ്ങളിൽ ഡോഗ് ക്യാച്ചിംഗ് നടത്തിയതായി

രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഈ ദിവസങ്ങളിൽ ഡോഗ് ക്യാച്ചിംഗ് നടത്തിയതായി വേ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.

വേ ബില്ലിൽ 30.7.2018 (സ്റ്റാർട്ടിംഗ് കി.മീറ്റർ- 138437, എൻഡിംഗ് കി.മീറ്റർ -138469 ) എന്ന തീയതിയിൽ വെളിയം വാക്കനാട് എന്ന് എഴുതിയിരിക്കുന്നു. എന്നാൽ ലോഗ് ബുക്ക് പ്രകാരം 30.6.2018 എന്ന തീയതിയിലാണ് ഈ ദൂരം വാഹനം സഞ്ചരിച്ചിരിക്കുന്നത്. അതായത് 26.7.2018 ൽ പദ്ധതി അവസാനിച്ചശേഷവും ഡോഗ് ക്യാച്ചിംഗ് നടത്തിയതായാണ് വേ ബില്ലിൽ നിന്നും മനസ്സിലാകുന്നത്. ഓഡിറ്റ് എൻക്വയറി നം 5/29.2.2020 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പിശക് ബോദ്ധ്യമായെന്നും തുടർന്ന് ആവർത്തിക്കാതിരിക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

2) വനിതകൾക്ക് കറവപ്പശു വിതരണം - ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

എസ്.0044/19-ജനറൽ, എസ്.0058/19 -എസ്.സിപി - എന്നീ പദ്ധതികളിൽ യഥാക്രമം വികസനഫണ്ടിൽ നിന്നും 9,90,000/-രൂപയും, 2,45,000/- രൂപയും ഗുണഭോക്തൃവിഹിതമായി 9,90,000/- രൂപ, 84,000/- രൂപ എന്നിങ്ങനെയും അടങ്കൽ വകയിരുത്തിയതിൽ ചെലവു പത്രിക പ്രകാരം വികസന ഫണ്ടിൽ നിന്നും മൊത്തം തുകയും ഗുണഭോക്തൃവിഹിതമിനത്തിൽ യഥാക്രമം 6,87,000/-രൂപയും 60,000/- രൂപയുമേ ചെലവു വന്നിട്ടുള്ളൂ. എന്നാൽ ജനറൽ പദ്ധതിയിൽ ബാക്കിയുള്ള 3,03,000/- രൂപയും എസ്.സിപി പദ്ധതിയിൽ ബാക്കിയുള്ള 24,000/- രൂപയും ചെക്ക് നം. ജെ.കെ.2696506/5.2.2019 പ്രകാരം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. വ്യത്യാസം വന്നത് എപ്രകാരം എന്ന ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 5 /29.2.2020) വ്യക്തമായ മറുപടി ലഭ്യമായില്ല.

# 1-16 ലൈഫ് ഭവന പദ്ധതി -ജനറൽ -തുക അധികം നൽകിയത് സംബന്ധിച്ച്

പ്രൊജക്റ്റ് – ലൈഫ് പാർപ്പിട പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ലൈഫ് ഭവന പദ്ധതി – ജനറൽ പ്രകാരം വീട്ടു നിർമ്മാണത്തിന് അധികം തുക നൽകി

ഷീജാകുമാരി/അഖിലേഷ് പ്ലാവിള വടക്കതിൽ, കരീപ്ര, വാർഡ് 8 എന്ന ഗുണഭോക്താവിന് താഴെ പറയും പ്രകാരം അധികമായി തുക നൽകിയിരിക്കുന്നു.

| തീയതി | നൽകിയ തുക |
|---|---|
| 13-9-18 | 40,000/- |
| 12-10-18 | 80,000/- |
| 12-02-2019 | 80,000/- |
| 29-3-2019 | 90,000/-രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല |
| 23-7-2019 | 50,000/-രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് 80,000/- |
| 23-7-2019 | 20,000/- |
| 8-11-2019 | 50,000/- |
| 8-11-2019 | 50,000/-ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

ആകെ 4,60,000/- രൂപാ നൽകിയിരിക്കുന്നു. ലൈഫ് ഭവന പദ്ധതി ജനറലിന് അനുവദനീയമായ തുക 4,00,000/- രൂപ ആണെന്നിരിക്കെ ഇങ്ങനെ 60,000/-രൂപാ അധികം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഗുണഭോക്താവിന്റെ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതുകൂടി

ഹാജരാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 8-11-2019-ൽ 50,000/- കൊടുത്തു എന്നത് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അങ്ങനെ ഒരു തുക നൽകിയിട്ടില്ല എന്നും 10,000/- രൂപ അധികം നൽകിയത് തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 50,000/- രൂപ നൽകിയിട്ടില്ല എന്നു തെളിയിക്കുന്ന രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ അധികം നൽകിയ 60,000/- രൂപ നിരാകരിക്കുന്നു. തിരികെ ഈടാക്കേണ്ടതാണ്.

## 1-17 തുല്യതാ പഠനം-അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ – 62/19

പ്രോജക്ട് - തുടർസാക്ഷരതാ പദ്ധതി

അടങ്കൽ – 1,00,000/- (തനതു ഫണ്ട്)

ചെലവ് – 99150/-

ചെക്ക്നമ്പർ – 2696514/28-3-19

പ്രസ്തുത പ്രോജക്ട് പ്രകാരം പത്താം തരം തുല്യതാ പരീക്ഷയ്ക്ക് 25 ഗുണഭോക്താക്കൾക്ക് വേണ്ടി 46,250/- (1850*25) രൂപാ സാക്ഷരതാ മിഷന് നൽകിയെങ്കിലും ആയതിൽ 7 ഗുണഭോക്താക്കൾ പരീക്ഷ എഴുതിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 12950/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഹയർസെക്കന്ററി തുല്യതാ പരീക്ഷയ്ക്ക് 22 ഗുണഭോക്താക്കൾക്ക് വേണ്ടി (15 ഗുണഭോക്താക്കൾക്ക് 2500/- രൂപ നിരക്കിലും 7 പേർക്ക് 2200/- രൂപ നിരക്കിലും) 52,900/- നൽകിയെങ്കിലും ഒരു ഗുണഭോക്താവ് പരീക്ഷ എഴുതിയിട്ടില്ല. ആയതിനുവേണ്ടി ചെലവഴിച്ച 2500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറിനമ്പർ – 3/29.2.2020

തടസ്സപ്പെടുത്തിയ തുക – 15450/-

## 1-18 ആശ്രയ ഫണ്ടിൽ തുക ബാക്കി നിൽക്കുന്നു

സി.ഡി. എസ്സിന് ആശ്രുയചലഞ്ച്ഫണ്ട് ആയി 24-4-2018 തീയതിയിലെ 16347നമ്പർ ചെക്ക് പ്രകാരം 3,33,333/- രൂപാ 18027 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു. പ്രസ്തുത അക്കൌണ്ടിലെ 31-3-2019 ലെ ആകെ നീക്കുബാക്കി 8,37,978/-രൂപയാണ്. ടി തുക അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സർക്കാർ ഉത്തരവ് ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചു.

ഗ്രാമപഞ്ചായത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സഞ്ചയാ പ്യൂരിഫിക്കേഷൻ) എന്ന തസ്തികയിൽ ശ്രീമതി. ഷൈമോൾ എന്നയാളെ ദിവസവേതന നിരക്കിൽ നിയമിച്ച് വേതനം നൽകിയിരിക്കുന്നു. സാമ്പത്തിക വർഷത്തിന്റെ ആദ്യമാസങ്ങളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്ന നിലയിലും പിന്നീട് ഡേറ്റാ എൻട്രി ഓപ്പറേറ്റർ സഞ്ചയാ പ്യൂരിഫിക്കേഷൻ എന്ന പേരിലുമാണ് നിയമനം നടന്നിരിക്കുന്നത്. നിലവിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ ആയി ആളെ നിയമിക്കാൻ സർക്കാർ ഉത്തരവ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കാൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ചെക്ക് നമ്പർ | ജോലി ചെയ്ത ദിവസം | നൽകിയ തുക |
|---|---|---|---|
| മാർച്ച് 2018 | 5694998/2-4-18 | 26 (710/-നിരക്കിൽ ) | 18,460/- |
| 4/18 | 2780391/2-5-18 | 22 (710/-നിരക്കിൽ) | 15,620/- |
| 5/18 | 2780385/1-6-18 | 25 (710/-നിരക്കിൽ) | 17,750/- |
| 6/18 | 2780388/4-7-18 | 24 (710/-നിരക്കിൽ) | 17,040/- |
| 7/18 | 2780390/1-8-2018 | 25 (725/-നിരക്കിൽ) | 18,125/- |
| 8/18 | 2780892/18-8-2018 | 20 (725/-നിരക്കിൽ) | 14,500/- |
| 9/18 | 2780394/1-10-18 | 21 (725/-നിരക്കിൽ) | 15,225/- |
| 10/18 | 2780396/1-11-18 | 23 (725/-നിരക്കിൽ) | 16,675/- |
| 11/18 | 2780399/1-12-18 | 24 (725/-നിരക്കിൽ) | 17,400/- |
| 12/18 | 2656502/1-1-19 | 23 (725/-നിരക്കിൽ) | 16,675/- |
| 1/19 | 2656500/1-2-19 | 17 (725/-നിരക്കിൽ) | 12,325/- |
| 2/19 | 2656508/1-3-19 | 4 (725/-നിരക്കിൽ) | 2,900/- |
| Festival allowance | 2780892/18-8-18 | | 1,210/- |
| | | ആകെ | 1,83,905/- |

ഓഡിറ്റ് എൻക്വയറി നം. – 3/29.2.20

തടസ്സപ്പെടുത്തിയ തുക – 1,83,905/-

തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് സാംസ്ക്കാരിക നിലയങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വണഉദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 1,67,000/- രൂപ അടങ്കൽ വകയിരുത്തി 1,67,000/- രൂപ (ബിൽ നം.20/18-19, 19.11.2018) ചെലവഴിച്ച പദ്ധതിയായിരുന്ന പഞ്ചായത്ത് സാംസ്ക്കാരിക നിലയങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ (എസ്.0003/19). കുറഞ്ഞ തുക ക്വോട്ട് ചെയ്ത റോയൽ എൻറർപ്രൈസസ്, പുനക്കന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 444/- രൂപ നിരക്കിൽ 377 എണ്ണം, സി.എച്ച്.2160 മോഡൽ നീൽകമൽ പ്ലാസ്റ്റിക് കസേരകൾ (ബിൽ നം. 82.15/11/2018) വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് ഏതൊക്കെ സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും ഫയലിൽ നിന്നും ലഭിച്ചില്ല. കൂടാതെ ഏതൊക്കെ സാംസ്ക്കാരിക സ്ഥാപനങ്ങൾക്കാണ് കസേരകൾ നൽകേണ്ടതെന്ന് അംഗീകൃത പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/ 2.3.2020) ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി കസേരകൾ വീതിച്ചു നൽകിയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കസേരകൾ കൈപ്പറ്റിയതായി സാംസ്ക്കാരിക നിലയങ്ങളിലെ ഉത്തരവാദപ്പെട്ട ആരും രസീത് നൽകിയിട്ടില്ല. കസേരകൾ അർഹിക്കുന്ന ഇടങ്ങളിൽ എത്തിയെന്ന തെളിയിക്കുന്ന യാതൊരു രേഖകളും

ഫയലിൽ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,67,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സാന്ത്വന പരിചരണ പദ്ധതി രേഖകളിലെ അപാകതകൾ

സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ എസ്.0067/19-സാന്ത്വന പരിചരണ പദ്ധതിയിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1.2018-19 വർഷം പി.എം.സി മീറ്റിംഗ് 7.11.2018 ൽ മാത്രമാണ് നടത്തിയിട്ടുള്ളത്. ഒരു വർഷം 3 പി.എം.സി മീറ്റിംഗുകൾ നടത്തിയിരിക്കണമെന്ന സർക്കാർ ഉത്തരവിന്റെ ലംഘനമാണിത്.

2. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ 5 വീൽചെയറുകളിൽ 3 എണ്ണവും 5 വാക്കറുകളിൽ മുന്നിരിപ്പ് 10 എണ്ണം ഉൾപ്പെടെ 15 എണ്ണത്തിൽ 8 എണ്ണവും വോക്കിംഗ് കെയിൻ 8 എണ്ണം വാങ്ങിയതിൽ മുന്നിരിപ്പ് 10 എണ്ണം ഉൾപ്പെടെ 18 എണ്ണവും വാട്ടർ ബെഡ് 4 എണ്ണം വാങ്ങിയതിൽ മുന്നിരിപ്പ് 4 എണ്ണം ഉൾപ്പെടെ 9 എണ്ണവും വിതരണം ചെയ്യാതെ ശേഷിക്കുന്നതായി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ആവശ്യകത നിർണ്ണയിക്കാതെയാണ് ഇവ വാങ്ങിയതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

3. ഹാജരാക്കിയ വൗച്ചറുകളിൽ മിക്കവയിലും ഹോട്ടലുകളുടെ ബില്ലുകൾ ഇല്ല, ഭക്ഷണച്ചെലവിനുള്ള തുക കൈപ്പറ്റിയതായി പല വ്യക്തികളും കൈപ്പറ്റ് രസീതുകൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ ബിൽ കോപ്പിയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അക്കൗണ്ടിലേക്കാണ് വരവ് വന്നിട്ടുള്ളത്.

മേൽ വിഷയങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/2.3.2020 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 സാന്ത്വന പരിചരണ പദ്ധതിക്കായി രസീത് മുഖാന്തരം പിരിച്ചെടുക്കുന്ന തുകകൾ യഥാസമയം ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കുന്നില്ല

പാലിയേറ്റീവ് പദ്ധതിയിൽ പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിനായി അച്ചടിച്ച രസീത് ബുക്കുകൾ ഉപയോഗിച്ച് പിരിച്ചെടുക്കുന്ന തുകകൾ സിൻഡിക്കേറ്റ് ബാങ്കിൽ ഇതിനായുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം. 45122210002612 ) വരവ് വരുന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ & രസീത് നമ്പർ | തീയതി | തുക(രൂപ) | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|---|---|
| 1. | 5/456-496 | 30.8.2018 | 36,450 | - |
| 2. | 5/497-500 | 31.8.2018 | 900 | - |
| 3. | 6/501-504 | 31.8.2018 | 600 | - |
| 4. | 6/505-514 | 2.9.2019 | 4,450 | - |
| 5. | 6/515-593 | 3.9.2019 | 19,120 | - |

സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 45122210002612 ) 16.1.2019 തീയതിയിൽ 1,711/-രൂപ വരവ് വന്ന ശേഷം 1/10/2019 ൽ 56,600/- രൂപ വരവ് വരുകയും 5/10/2019 ൽ 54,262/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. രസീത് പ്രകാരം പിരിച്ച തുകകൾ യഥാസമയം ബാങ്ക് അക്കൗണ്ടിൽ വരവ്

വരാത്തതിന്റെ കാരണവും തുകകൾ ചെലവഴിച്ചതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/2.3.2020)ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പി.എം.സി ചെയർപേഴ്സൺ ആയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടേയും പേരിൽ സ്വകാര്യ സ്ഥാപനത്തിൽ അച്ചടിക്കുന്ന രസീത് മുഖാന്തരം പിരിച്ചെടുക്കുന്ന തുകയുടെ വരവിന്റെയും ചെലവിന്റെയും സുതാര്യത ഉറപ്പു വരുത്തേണ്ടത് വളരെ ആവശ്യമാണ്. 2018 ആഗസ്റ്റ് മുതൽ 2019 ഒക്ടോബർ വരെ ചെക്ക് മുഖേന പിൻവലിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം. | തുക(രൂപ) |
|---|---|---|
| 1. | 300052734617/20.8.2018 | 14,760/- |
| 2. | 300052734616/21.8.2018 | 19,000/- |
| 3. | 300052734618/23.8.2018 | 15,889/- |
| 4. | 300052734620/5.10.2018 | 500 |
| 5. | 300052734622/10.10.2018 | 2,600/- |
| 6. | 300052734621/11.10.2018 | 1,075/- |
| 7. | 300052734623/27.2.2019 | 51,160/- |
| 8. | 300052734624/5.10.2019 | 54,262/- |

ഇപ്രകാരം ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടുന്ന തുകകൾ എപ്രകാരം ചെലവഴിക്കപ്പെടുന്നുവെന്ന് തെളിയിക്കുന്ന വൗച്ചറുകളോ ബില്ലുകളോ മറ്റു ചെലവു രേഖകളോ പരിശോധനക്കു ഹാജരാക്കിയില്ല. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും സംഭാവനയായി പിരിച്ചെടുക്കുന്ന തുകകളുടെ മേൽ സംശയത്തിന്റെ നിഴൽ വീഴുന്നത് തീർച്ചയായും അഭികാമ്യമല്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ച വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 സമഗ്ര നെൽകൃഷി വികസനം പദ്ധതി- ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ എസ്.0033/19- സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയിൽ ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിൽ വകയിരുത്തിയിരിക്കുന്നത് 5,94,235/- രൂപ വീതം ആകെ 11,88,470/- രൂപയാണ്. ചെലവു പത്രിക പ്രകാരം ചെലവു വന്നതും 5,94,235/- രൂപ വീതം ആകെ 11,88,470/- രൂപയാണ്. എന്നാൽ പദ്ധതിയിൽ ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയുടെ ആകെ ചെലവ് 5,94,405/- രൂപ വീതം ആകെ 11,88,810/- രൂപയാണ്. (ചെക്ക് നം. 1299318/7.11.18, ചെക്ക് നം. 1862069/29.3.2019). പദ്ധതിയിൽ വകയിരുത്തിയതിൽ നിന്നും മൊത്തം 340/- (170+170) രൂപ അധികം ചെലവായതിന്റെ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/29.2.2020 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ തുക അധികം ചെലവായിട്ടില്ലായെന്നും സബ്സിഡി ലിമിറ്റ് ചെയ്യുവെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ മറുപടി ഓഡിറ്റിന് അംഗീകരിക്കാനാവില്ല. ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയിൽ അധികമായി ചെലവഴിച്ച 340/-രൂപ തിരികെ ഒടുക്കേണ്ടതാണ്.

## 1-24 മാലിന്യസംസ്ക്കരണം - കളക്ഷൻസെന്ററിൽ പ്ലാസ്റ്റിക്

## മാലിന്യം കെട്ടിക്കിടക്കുന്നു.

ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് ശേഖരിച്ച സൂക്ഷിക്കുന്നതിന് വികസനഫണ്ടിൽ നിന്നും 8,00,000/- രൂപ വകയിരുത്തിയ പ്രോജക്ടിൽ പ്പെടുത്തി 7,56,073/- രൂപ ചെലവ് ചെയ്ത് കളക്ഷൻ സെന്റർ സ്ഥാപിച്ചു. 29-2-2020 ൽ എ.ഇ യുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ മേൽ ഷെഡിന്റെ ഭിത്തി കവർ ചെയ്ത് പ്ലാസ്റ്റിക് മാലിന്യം മേൽക്കൂര പൊക്കത്തിൽ നിക്ഷേപിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. മാലിന്യ ശേഖരണത്തിന്റെ തുടർപ്രവർത്തനം ക്രമപ്രകാരം നടക്കുന്നില്ലെന്നതാണ് ഇത് വ്യക്തമാക്കുന്നത്. ഈ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിലെ ഷ്രഡിംഗ് യൂണിറ്റിലേക്ക് പ്ലാസ്റ്റിക്ക് നീക്കം ചെയ്യുന്നതിനുള്ള കാലതാമസം മൂലമാണ് കളക്ഷൻ സെന്ററിൽ മാലിന്യം കെട്ടിക്കിടക്കുന്നതെന്നും കഴിഞ്ഞ രണ്ട് മാസമായി പ്ലാസ്റ്റിക് നീക്കം ചെയ്യാത്തതിനാലാണ് ഈ അവസ്ഥ സംജാതമായതെന്നും അറിയിച്ചു. മാലിന്യനീക്കം ത്വരിതപ്പെടുത്തുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 7/2.3.2020.

## 1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21800837/10.12.2018 | 1022137 | 0 | 1022137 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21800693/11.10.2018,<br>21801024/14.01.2019<br>21801025/14.01.2019<br>21800081/14.01.2019 | 936740 | 0 | 936740 |
| കെ.എസ്.ഇ.ബി | മീറ്ററിംഗ് | 21800591,592/12.10.2018 | 234230 | 0 | 234230 |

എസ്റ്റിമേറ്റ് പ്രകാരമുള്ള വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 21,93,107/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ - ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ

2018-19 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഉപകരണങ്ങൾ വാങ്ങൽ ( എസ്.0171/19-സ്പിൽ ഓവർ, എസ്.0009/19) എന്ന രണ്ട് പദ്ധതികളിലുമായി 3870 എണ്ണം 40w ട്യൂബ് ലൈറ്റുകളും 1130 എണ്ണം 20w സി.എഫ്. ലൈറ്റുകളും ഉൾപ്പെടെ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 2018-19 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി നടപ്പാക്കിയ രണ്ടു പദ്ധതികളിലായി

(എസ്.0172/19-സ്പിൽ ഓവർ, എസ്.0012/19 ) കരാറുകാരനായ ശ്രീ. മോഹനചന്ദ്രൻ പിള്ളയ്ക്ക് യഥാക്രമം 1,99,595/- രൂപയും 1,79,100/- രൂപയും ധനകാര്യകമ്മീഷൻ ഗ്രാൻറിൽ നിന്നും നൽകിയിട്ടുണ്ട്.തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും 18 വാർഡുകളിലേയും മെമ്പർമാർ കൈപ്പറ്റുന്നതായാണ് കാണുന്നത്.

KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. KSEB-യിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾക്കുപകരം വാർഡ് മെമ്പർമാരിൽനിന്നുള്ള കത്തുകളെ ആധാരമാക്കിയാണ് പരിപാലനപ്രവൃത്തികൾക്കായി തുക നൽകിയിരിക്കുന്നത്.

പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ കാരാറുകാരൻ സൂക്ഷിക്കുന്നതായി കാണുന്നില്ല.

മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പരിശോധനക്കായി ഇത്തരമൊരു രജിസ്റ്റർ ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്ന തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നുണ്ടോയെന്നതിന് രേഖകൾ ലഭ്യമല്ല.
തെരുവ് വിളക്കുകളക്കുകളുടെ വിതരണം, വിനിയോഗം എന്നിവ സംബന്ധിച്ച് മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.13/3.3.2020.

# 1-27 വാസുപിള്ളമുക്ക്-പ്ലാവിള റോഡ് കോൺക്രീറ്റിംഗ്, (164/19), ടെണ്ടർകിഴിവ് വരുത്തിയത് തെറ്റായി നഷ്ടം-627/- രൂപ

കരാറുകാരൻ – ശ്രീ. സിജു – .5% below

മെയിന്റനൻസ് ഫണ്ട്(റോഡ്) – 1,27,000/-

ആകെ പ്രവൃത്തിമൂല്യം 1,26,643/- ൽ നിന്നും ടെണ്ടർ കുറവ് .5% നിരക്കിൽ 633/- രൂപ കുറവുവരുത്തേണ്ടതിനുപകരം .005% നിരക്കിൽ 6/- രൂപ മാത്രം കുറവുചെയ്തു. ഈ ഇനത്തിൽ കരാറുകാരന് 627/- രൂപ അധികം നൽകി. ആയത് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. മേൽ വിഷയം ചൂണ്ടിക്കാട്ടിനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നഷ്ടത്തുക തിരികെ ഈടാക്കിഅറിയിക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിനൽകി. **തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.**

ഓഡിറ്റ് എൻക്വയറി - 6/2.3.2020

# 1-28 ടാറിംഗ് പ്രവൃത്തികൾ -കാലിബാരൽ വില ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ പാക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. എന്നാൽ കരാറുകാരനിൽ നിന്ന് കാലിബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ടാറിന്റെ അളവ്, ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ശംഖുമുഖം പായിത്തല റോഡ് , 184/19 (മെയിന്റനൻസ് ഫണ്ട്-റോഡ്) ചെലവ് തുക – 3,64,852/- (6/22.5.18) | 1407kg, 9 | @238 – 2142/- |
| 2 | ആശുപത്രി മുക്ക് വി.എൽ.സി റോഡ് റീടാറിംഗ്, 193 (മെയിന്റനൻസ് ഫണ്ട്-റോഡ്)/18-19<br>ചെലവ് തുക – 1,99,483/- (7/22.5.18) | 1565kg, 10 | @238 – 2380/- |
| 3 | ഇടവഴിവിള- പോത്തൻപാറ റോഡ് റീടാറിംഗ്, 165/18-19 (മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 2,66,463/- (102/22.3.19) | 2055kg,13 | @281(including GST) – 3653/- |
| 4 | തേക്കുവിള ഓണംപള്ളിൽ ഭാഗം റോഡ് മെറ്റലിംഗ്, ടാറിംഗ്, 186/18-19 (മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 3,45,755/- (8/22.5.18) | 953kg, 4 | @238 - 952/- |
| 5 | തുണ്ടത്തിൽഭാഗം മൂങ്ങോട്ട് ഏലാ റോഡ് മെയിന്റനൻസ്, 120/19(മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 2,42,451/- (84/25.2.2019) | 1623kg, 10 | @281(including GST) - 2810/- |
| 6 | കൈതക്കോട്മുക്ക് വലിയമഠം പയറ്റിച്ചേരി കോളനി റോഡ് റീടാറിംഗ്,95/18-19(വികസനഫണ്ട്-എസ്.സി.പി)<br>ചെലവ് തുക – 2,85,183/- (98/26.3.2019 – 99,183/-, 104/22.3.2019 – 1,86,000/-) | 2211kg, 14 | @281(including GST) – 3934/- |
| 7 | തലവൂർകോണം-എസ്.എൻ.ഡി.പി മൃഗാശുപത്രി റോഡ് മെറ്റലിംഗ്, ടാറിംഗ്, 90/19(മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 2,77,551/- (45/29.11.2018) | 1086kg, 7 | @281(including GST) - 1967/- |
| 8 | വാസുപിള്ളമുക്ക് ഗുരുനാഥൻമുകൾ പോത്തൻപാറ റോഡ് റീടാറിംഗ്, 166/19(മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 1,49,115/- (97/26.3.2019) | 1316kg, 8 | @281(including GST) – 2248/- |
| 9 | കാഞ്ഞിരംവിള ശരണാലയം റോഡ് റീടാറിംഗ്, 132/19 (മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 1,90,744/- 52/26.12.18 | 1477kg, 9 | @281(including GST) – 2529/- |
| 10 | മുരിങ്ങൂർക്ഷേത്രം റോഡ് മെറ്റലിംഗ്, ടാറിംഗ്, 87/19(മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 2,05,749/- (49/27.11.2018) | 760kg, 5 | @281(including GST) – 1405/- |
| 11 | കുടിയ്ക്കോട്ച്ചുരല്ലൂർ കാളചന്തറോഡ് റീടാറിംഗ്, 102/19<br>ചെലവ് തുക – 3,40,479/- (54/26.12.2018) (MF-(R)) | 2666kg, 17 | @281(including GST) – 4777/- |
| 12 | ചവറ വേങ്കുഴിഭാഗം റോഡ് മെറ്റലിംഗ്, ടാറിംഗ്, 145/19 | 1260kg, 8 | @281(including |

| | | | |
|---|---|---|---|
| | (മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 3,29,961/- (47/24.11.2018) | | GST) – 2248/- |
| 13 | വാക്കനാട്കീഴ്ക്കുട്ട് കളീക്കൽ റോഡ് റീടാറിംഗ്, 111/19 (MF-(R)) ചെലവ് തുക – 1,37,831/- (55/26.12.2018) | 1071kg 7 | ~~@281(including~~ GST)1967/- |
| | ആകെ നഷ്ടം | | 33,012/- |

കാലിബാരലിന്റെ വില ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നഷ്ടത്തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 6/2.3.2020

## 1-29 തൊഴിലുറപ്പ് പദ്ധതി- വ്യക്തിഗത ഭൂമിയിലെ കുളം നിർമ്മാണം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

2018-19 വർഷം നം-1613006002/IF/388580, 1613006002/IF/388586, 1613006002/IF/389505 എന്നീ വർക്ക് കോഡുകളിലായി യഥാക്രമം 69,559/-, 47,360/-, 16,169/- രൂപ വീതം ചെലവ്ചെയ്ത് ഏറ്റവാക്ലോട് മൂന്ന് വ്യക്തിഗത കുളങ്ങൾ നിർമ്മിച്ചു. 2.3.2020 ൽ എ.ഇയുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ മൂന്ന് കുളങ്ങളും ഉപയോഗശൂന്യമായി വെള്ളമില്ലാതെ കരിയില മൂടിയ അവസ്ഥയിലാണ്. തൊഴിലുറപ്പ് പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന ജലസംരക്ഷണ പ്രവൃത്തികൾ ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാതെ തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 1-30 വിതരണം ചെയ്ത അരി സ്റ്റോക്കിൽ എടുത്തിട്ടില്ല.

ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര പദ്ധതിയിൽ കേന്ദ്രവിഹിതമായി 06.06.2018 ൽ ഇഷ്യൂ.നം 0203124/18122 പ്രകാരം ലഭ്യമായ 500 കിലോ ഗ്രാം അരിയിൽ 10 കിലോ ഗ്രാം അരി 2ാം വാർഡിൽ പ്രവർത്തിക്കുന്ന 84ാം നമ്പർ അംഗൻവാടിയ്ക്ക് നൽകിയതായി ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 3.03.2020 ൽ ടി അംഗൻവാടിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ 06.06.2018 ൽ വിതരണം ചെയ്ത 10 കിലോ ഗ്രാം അരി സ്റ്റോക്കിൽ എടുത്തിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിന് അംഗൻവാടി ടീച്ചറിൽ നിന്നും ടി കാലയളവിൽ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഐ.സി.ഡി.എസ്സ്.സൂപ്പർവൈസറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]**

## 2-1 തൊഴിൽ നികുതി- നഷ്ടം 14000/-

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം | നഷ്ടത്തുക |
|---|---|---|
| സഫീൽ ഇൻഡസ്ട്രീസ്, പ്രൈ. ലിമിറ്റഡ് | 1,2 | 2500/- |
| BSNL, കരീപ്ര | 1,2 | 2500/- |
| KSBC ഔട്ട്ലെറ്റ്, നെടുമൺകാവ് | 1,2 | 2500/- |
| മുത്തൂറ്റ് ഫിൻകോർപ്പ്, കരീപ്ര | 1,2 | 2500/- |
| മാവേലി സ്റ്റോർ, ഇടയ്ക്കിടം | 1,2 | 2500/- |
| | ആകെ | 12500 |

2. ജീവനക്കാരിൽ നിന്ന് കുറഞ്ഞനിരക്കിൽ നികുതി ഈടാക്കിയതുമൂലം നഷ്ടം - കരീപ്രയിലെ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയതിൽ കുറവ് വന്നു

| ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| ഗീതാകുമാരി, സെക്രട്ടറി | 274878 | 1250 | 1000 | 250 |
| സ്മിത, അക്കൌണ്ടന്റ് | 160386 | 1250 | 1000 | 250 |
| പ്രീതാകുമാരി, സീനി. ക്ലർക്ക് | 168912 | 1250 | 1000 | 250 |
| ശരണ്യ. ജി. ഗോപൻ, ജൂനിയർ ക്ലർക്ക് | 130794 | 1250 | 750 | 500 |
| ലിജി. എസ്, അറ്റൻഡർ | 112356 | 1000 | 750 | 250 |
| | | | ആകെ | 1500/- |

c. തൊഴിൽ നികുതി രജിസ്റ്ററിൽ കെ.എസ്.ഇ. ബി, പെരുമ്പുഴ ശാഖയെ ഉൾപ്പെടുത്തിക്കാണുന്നു. എന്നാൽ മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 12/3.3.2020)

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വാസുപിള്ളമുക്ക്-പ്ലാവിള റോഡ് കോൺക്രീറ്റിംഗ്,164/19,ടെണ്ടർകിഴിവ് വരുത്തിയത് തെറ്റായിനഷ്ടം-627/-രൂപ

കരാറുകാരൻ – ശ്രീ. സിജു – .5% below

മെയിന്റനൻസ് ഫണ്ട്(റോഡ്) – 1,27,000/-

ആകെ പ്രവൃത്തിമൂല്യം 1,26,643/- ൽ നിന്നും ടെണ്ടർ കുറവ് .5% നിരക്കിൽ 633/- രൂപ കുറവുവരുത്തേണ്ടതിനുപകരം .005% നിരക്കിൽ 6/- രൂപ മാത്രം കുറവുചെയ്തു. ഈ ഇനത്തിൽ കരാറുകാരന് 627/- രൂപ അധികം നൽകി. ആയത് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. മേൽ വിഷയം ചൂണ്ടിക്കാട്ടിനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നഷ്ടത്തുക തിരികെ ഈടാക്കിഅറിയിക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിനൽകി. **തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.**

ഓഡിറ്റ് എൻക്വയറി - 6/2.3.2020

# 3-2 ടാറിംഗ് പ്രവൃത്തികൾ -കാലിബാരൽ വില ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ പാക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. എന്നാൽ കരാറുകാരനിൽ നിന്ന് കാലിബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ടാറിന്റെ അളവ്, ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ശംഖുമുഖം പായിത്തല റോഡ് , 184/19 (മെയിന്റനൻസ് ഫണ്ട്-റോഡ്) ചെലവ് തുക – 3,64,852/- (6/22.5.18) | 1407kg, 9 | @238 – 2142/- |
| 2 | ആശുപത്രി മുക്ക് വി.എൽ.സി റോഡ് റീടാറിംഗ്, 193 (മെയിന്റനൻസ് ഫണ്ട്-റോഡ്)/18-19<br>ചെലവ് തുക – 1,99,483/- (7/22.5.18) | 1565kg, 10 | @238 – 2380/- |
| 3 | ഇടവഴിവിള- പോത്തൻപാറ റോഡ് റീടാറിംഗ്, 165/18-19 (മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 2,66,463/- (102/22.3.19) | 2055kg,13 | @281(including GST) – 3653/- |
| 4 | തേക്കുവിള ഓണംപള്ളിൽ ഭാഗം റോഡ് മെറ്റലിംഗ്, ടാറിംഗ്, 186/18-19 (മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 3,45,755/- (8/22.5.18) | 953kg, 4 | @238 - 952/- |
| 5 | തുണ്ടത്തിൽഭാഗം മൂങ്ങോട്ട് ഏലാ റോഡ് മെയിന്റനൻസ്, 120/19(മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 2,42,451/- (84/25.2.2019) | 1623kg, 10 | @281(including GST) - 2810/- |
| 6 | കൈതക്കോട്മുക്ക് വലിയമഠം പയറ്റിച്ചേരി കോളനി റോഡ് റീടാറിംഗ്,95/18-19(വികസനഫണ്ട്-എസ്.സി.പി)<br>ചെലവ് തുക – 2,85,183/- (98/26.3.2019 – 99,183/-, 104/22.3.2019 – 1,86,000/-) | 2211kg, 14 | @281(including GST) – 3934/- |
| 7 | തലവൂർകോണം-എസ്.എൻ.ഡി.പി മൃഗാശുപത്രി റോഡ് മെറ്റലിംഗ്, ടാറിംഗ്, 90/19(മെയിന്റനൻസ് ഫണ്ട്-റോഡ്)<br>ചെലവ് തുക – 2,77,551/- (45/29.11.2018) | 1086kg, 7 | @281(including GST) - 1967/- |
| 8 | വാസുപിള്ളമുക്ക് ഗുരുനാഥൻമുകൾ പോത്തൻപാറ റോഡ് റീടാറിംഗ്, 166/19(മെയിന്റനൻസ് ഫണ്ട്-റോഡ്) | 1316kg, 8 | @281(including GST) – 2248/- |

| | | | |
|---|---|---|---|
| | ചെലവ് തുക – 1,49,115/- (97/26.3.2019) | | |
| 9 | കാഞ്ഞിരംവിള ശരണാലയം റോഡ് റീടാറിംഗ്, 132/19 (മെയിന്റനൻസ് ഫണ്ട്-റോഡ്) ചെലവ് തുക – 1,90,744/- 52/26.12.18 | 1477kg, 9 | @281(including GST) – 2529/- |
| 10 | മുരിങ്ങൂർക്ഷേത്രം റോഡ് മെറ്റലിംഗ്, ടാറിംഗ്, 87/19(മെയിന്റനൻസ് ഫണ്ട്-റോഡ്) ചെലവ് തുക – 2,05,749/- (49/27.11.2018) | 760kg, 5 | @281(including GST) – 1405/- |
| 11 | കുടിയ്ക്കോട്ച്ചൂരല്ലൂർ കാളചന്തറോഡ് റീടാറിംഗ്, 102/19 ചെലവ് തുക – 3,40,479/- (54/26.12.2018) (MF-(R)) | 2666kg, 17 | @281(including GST) – 4777/- |
| 12 | ചവറ വേങ്കഴിഭാഗം റോഡ് മെറ്റലിംഗ്, ടാറിംഗ്, 145/19 (മെയിന്റനൻസ് ഫണ്ട്-റോഡ്) ചെലവ് തുക – 3,29,961/- (47/24.11.2018) | 1260kg, 8 | @281(including GST) – 2248/- |
| 13 | വാക്കനാട്കീഴൂട്ട് കളീക്കൽ റോഡ് റീടാറിംഗ്, 111/19 (MF-(R)) ചെലവ് തുക – 1,37,831/- (55/26.12.2018) | 1071kg 7 | @281(including GST)1967/- |
| | ആകെ നഷ്ടം | | 33,012/- |

കാലിബാരലിന്റെ വില ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നഷ്ടത്തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 6/2.3.2020

## 3-3 ലൈഫ് ഭവന പദ്ധതി -ജനറൽ -തുക അധികം നൽകിയത് സംബന്ധിച്ച്

പ്രൊജക്ട് – ലൈഫ് പാർപ്പിട പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.
ലൈഫ് ഭവന പദ്ധതി – ജനറൽ പ്രകാരം വീട്ട നിർമ്മാണത്തിന് അധികം തുക നൽകി

ഷീജാകുമാരി, അഖിലേഷ് പ്ലാവിള വടക്കതിൽ, കരീപ്ര, വാർഡ് 8 എന്ന ഗുണഭോക്താവിന് താഴെ പറയും പ്രകാരം അധികമായി തുക നൽകിയിരിക്കുന്നു.

| തീയതി | നൽകിയ തുക |
|---|---|
| 13-9-18 | 40,000/- |
| 12-10-18 | 80,000/- |
| 12-02-2019 | 80,000/- |
| 29-3-2019 | 90,000/- രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല |
| 23-7-2019 | 50,000/- രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് 80,000/- |
| 23-7-2019 | 20,000/- |
| 8-11-2019 | 50,000/- |
| 8-11-2019 | 50,000/- ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

ആകെ 4,60,000/- രൂപാ നൽകിയിരിക്കുന്നു. ലൈഫ് ഭവന പദ്ധതി ജനറലിന് അനുവദനീയമായ തുക 4,00,000/- രൂപ ആണെന്നിരിക്കെ ഇങ്ങനെ 60,000/- രൂപ അധികം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഗുണഭോക്താവിന്റെ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതുകൂടി ഹാജരാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 8-11-2019-ൽ 50,000/- കൊടുത്തു എന്നത് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അങ്ങനെ ഒരു തുക നൽകിയിട്ടില്ല എന്നും 10,000/- രൂപ അധികം നൽകിയത് തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 50,000/- രൂപ നൽകിയിട്ടില്ല എന്നു തെളിയിക്കുന്ന രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ അധികം നൽകിയ 60,000/- രൂപ നിരാകരിക്കുന്നു. തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 – 16.07.2019 | കെ.എസ്സ്.എ.കെ.എൽ.എം.പി6/1098/19, തീയതി.05.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്** | 2018-19 | 4,40,000 | ലൈഫ്-പട്ടികജാതി | 4,40,000 | 0 |
| | | 12,39,500 | ലൈഫ്-ജനറൽ | 12,39,500 | 0 |
| | | 5,00,000 | അങ്കണവാടി പോഷകാഹാരം | 5,00,000 | 0 |
| | | 6,00,000 | പാലിന് സബ്സിഡി | 6,00,000 | 0 |
| | | 5,94,405 | നെൽകൃഷി വികസനം | 5,94,405 | 0 |
| | | 1,00,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| **ജില്ലാ പഞ്ചായത്ത്** | 2018-19 | 1,00,000 | അങ്കണവാടി പോഷകാഹാരം | 1,00,000 | 0 |
| | | 1,59,715 | ലൈഫ്-പട്ടികജാതി | 1,59,715 | 0 |
| | | 4,94,463 | ലൈഫ്-ജനറൽ | 4,94,463 | 0 |
| | | 5,94,405 | നെൽകൃഷി വികസനം | 5,94,405 | 0 |
| | | 1,00,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| | | 2,00,000 | പാലിന് സബ്സിഡി | 2,00,000 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21800837/10.12.2018 | 10,22,137 | 0 | 10,22,137 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21800693/11.10.2018,<br>21801024/14.01.2019<br>21801025/14.01.2019<br>21800081/14.01.2019 | 9,36,740 | 0 | 9,36,740 |
| കെ.എസ്.ഇ.ബി | മീറ്ററിംഗ് | 21800591,592/12.10.2018 | 2,34,230 | 0 | 2,34,230 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,25,77,460/- രൂപ വരവുണ്ട്. 1,25,77,460/- രൂപയിൽ 1,25,77,460/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | LF511/2018, dated02.01.2018, | 1,25,77,460/- | 0 | 0 | 0 | 1,25,77,460/- |

•

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-2 | 2008-09 | 3-5.4 | അക്ഷയ പരിശീലന പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2013-14 സ്പെഷ്യൽ റിപ്പോർട്ട് | | 2013-14 | | ബാങ്കിൽ ഒടുക്കാതെ 10 ലക്ഷത്തി ലേറെ രൂപാ അപഹരിച്ചു | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

# 4-9. ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,86,55,636.62 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,55,68,689 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 14,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 93,636 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 40,59,462 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <*<u>പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 14,000 | | ശ്രീ. അനസ്. വൈ, സെക്രട്ടറി. |
| 3-1 | | 627 | ശ്രീമതി. അനശ്രീ, അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 33,012 | ശ്രീമതി. അനശ്രീ, അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 60,000 | ശ്രീമതി. സൗമ്യ, വി.ഇ.ഒ. |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 15,00,000 | ശ്രീമതി.ശശികല,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-17 | 15,450 | ശ്രീ. പ്രകാശ്. വി. എൻ, ഹെഡ്മാസ്റ്റർ |
| 1-19 | 1,83,905 | ശ്രീ. അനസ്. വൈ, സെക്രട്ടറി |
| 1-20 | 1,67,000 | ശ്രീ. അനസ്. വൈ, സെക്രട്ടറി |
| 1-25 | 21,93,107 | ശ്രീ. അനസ്. വൈ, സെക്രട്ടറി |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 33,588 | ശ്രീ. അനസ്. വൈ, സെക്രട്ടറി |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനസ്. വൈ, സെക്രട്ടറി. | സെക്രട്ടറി, പിറവന്തൂർ ഗ്രാ.പ | തെങ്ങുവിള വീട്, നെടുമ്പായിക്കുളം, കുണ്ടറ |
| ശ്രീമതി. അനശ്രീ, അസ്സിസ്റ്റന്റ് എഞ്ചിനിയർ | അസ്സിസ്റ്റന്റ് എഞ്ചിനിയർ, കരീപ്ര ഗ്രാ.പ | മനമ്പറ്റി കൈലാസ് ഭവൻ, അവന്നൂർ |
| ശ്രീമതി. ശശികല, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, കരീപ്ര ഗ്രാ.പ | ശശിനിവാസ്, ഇരുമ്പനങ്ങാട് |
| ശ്രീ. പ്രകാശ്.വി.എൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ. ഗവ. എൽ.പി.എസ്സ്, കരീപ്ര | പൗർണ്ണമി, ഇടയ്ക്കിടം, എഴുകോൺ. പി.ഒ |
| ശ്രീമതി. സൗമ്യ, വി.ഇ.ഒ. | ജി.ഇ.ഒ., ചൊവന്നൂർ | ട്രിനിറ്റി ഹൗസ്, ചെമ്മക്കാട് പി.ഒ., പെരിനാട് |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSA-klm-P6-622/2018, 12.04.2018 | 7 |
| 1997-98 | KSA-klm-P6-622/2018, 12.04.2018 | 6 |
| 1998-99 | KSA-klm-P6-622/2018, 12.04.2018 | 6 |
| 1999-2000 | KSA-klm-P6-622/2018, 12.04.2018 | 3 |
| 2000-01 | KSA-klm-P6-622/2018, 11.04.2018 | 2 |
| 2001-02 | KSA-klm-P6-622/2018, 11.04.2018 | 3 |
| 2002-03 | KSA-klm-P6-622/2018, 17.04.2018 | 3 |
| 2003-04 | KSA-klm-P6-622/2018, 17.04.2018 | 4 |
| 2004-05 | KSA-klm-P6-622/2018, 17.04.2018 | 19 |
| 2005-06 | KSA-klm-P6-977/2018, 25.05.2018 | 7 |
| 2006-07 | LFQP3.1391/14, 24-06-14 | 10 |
| 2007-08 | LFQP3.1391/14, 24-06-14 | 14 |
| 2008-09 | LFQP3.1391/14, 24-06-14 | 16 |
| 2009-10 | LFQP3.1391/14, 24-06-14 | 15 |
| 2010-11 | LFQP3.1391/14, 24-06-14 | 12 |
| 2011-12 | LFQP3.1038/13, 30-11-13 | |
| 2012-13 | LFQP3.1426/14, 18-10-14 | |
| 2013-14<br>2014-15 | KSA.KLM.P3.783/16, 26-05-16 | |
| 2015-16 | KSA.KLM.P3.1834/16, dt.06.02.2017 | |
| 2016-17 | KSA.KLM.P6.1447/17, dt. 3-08-17 | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# <u>അനുബന്ധം 2 അനുബന്ധപത്രികകൾ.</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം. കെ.എസ്.എ.കെ.എൽ.എം-പി.6/456/2020**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി – 18/05/2020

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **കരീപ്ര ഗ്രാമ പഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

No.KSA.KLM.P6/456/2020 , Dated – 18/05/2020

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Kareepra Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Kareepra Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam